① 17.3.1988

# ഗവർണർ ചെയ്തത് ശരി

എൻ. വി. കൃഷ്ണവാരിയർ

മാർച്ച് 15–ാം തിയ്യതി നടന്ന 'ഭാരത് ബന്ദി'ന്റെ ഫലമായി കേരളത്തിൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാവുകയില്ലെന്ന് ഉറപ്പുവരുത്തണമെന്നും ക്രമസമാധാനം പാലിക്കാൻ ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ട അധികാരികൾക്കു നൽകണമെന്നും കേരള ഗവർണർ ശ്രീമതി രാംദുലാരി സിൻഹ മുഖ്യമന്ത്രി നായനാരോട് ബന്ദ്ദിവസം ഉച്ചയ്ക്ക് ടെലിഫോണിലൂടെ ആവശ്യപ്പെട്ടു.

ഗവർണറുടെ സംഭാഷണവിവരം പിന്നീട് രാജ്ഭവൻ ആപ്പീസ് എല്ലാ പത്രങ്ങളേയും അറിയിക്കുകയും ചെയ്തു.

പത്രങ്ങളെ ഗവർണർ ഈ വിവരം അറിയിച്ചതിൽ മാർക്സിസ്റ്റ് പാർട്ടിയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും പ്രതിഷേധം പ്രകടിപ്പിച്ചിട്ടുണ്ട്. ഗവർണർക്ക് മുഖ്യമന്ത്രിയുമായി പല ഭരണകാര്യങ്ങളും ചർച്ച ചെയ്യേണ്ടിവരുമെന്നും അവയുടെ വിശദാംശങ്ങൾ പത്രങ്ങളിലേക്ക് കൊടുക്കുന്നത് ഇതാദ്യമായിട്ടാണെന്നും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി ഗവർണർ പദവി ദുരുപയോഗപ്പെടുത്തലാണ് ഇതെന്നും മാർക്സിസ്റ്റ് പാർട്ടിയുടെ കേരള കമ്മിറ്റിയുടെ സെക്രട്ടറിയായ വി.എസ്. അച്യുതാനന്ദൻ ഒരു പ്രസ്താവനയിൽ പറഞ്ഞു.

താൻ മുഖ്യമന്ത്രിയെ ഉപദേശിച്ച വിവരം ഗവർണർ പത്രങ്ങളെ അറിയിച്ചത് മനഃപൂർവമാണെന്നും ഗൗരവാവഹമായ ഒരു തെറ്റാണെന്നും കീഴ്വഴക്കത്തിന്റെ സ്പഷ്ടമായ ലംഘനമാണെന്നും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള സെക്രട്ടേറിയറ്റ് മറ്റൊരു പ്രസ്താവനയിൽ കുറ്റപ്പെടുത്തി.

ഇതിലൊന്നും യാതൊരർഥവുമില്ല. ''കേരള സംസ്ഥാനത്തിലെ ജനങ്ങൾക്ക് സേവനം നൽകുന്നതിന്നും അവർക്ക് ക്ഷേമം കൈവരുത്തുന്നതിന്നും സ്വയം അർപ്പിച്ചിരിക്കുന്നു'' എന്ന് സത്യം ചെയ്താണ് ശ്രീമതി സിൻഹ കേരള ഗവർണർ ആയിത്തീർന്നിട്ടുള്ളത്. ആ നിലയിൽ കേരളത്തിലെ ജനങ്ങളോടാണ് അവരുടെ പ്രാഥമികമായ ഉത്തരവാദിത്വം. ജനങ്ങളുടെ താല്പര്യമെന്ന് തനിക്ക് ബോധ്യമായത് സംരക്ഷിക്കാൻ അവർ ജാഗരൂകയായിരിക്കണം.

ബന്ദ് കേരളത്തിൽ വ്യാപകങ്ങളായ അക്രമങ്ങൾക്ക് കാരണമാവുകയുണ്ടായി. തിരുവനന്തപുരത്ത് ദൂരദർശൻ വാഹനങ്ങൾക്ക് കേടുപറ്റി; ഡയറക്ടറെ കൈയേറ്റം ചെയ്തു. തപാൽ–ടെലിഫോൺ ആപ്പീസുകൾക്കുനേരെ കല്ലേറുണ്ടായി. സിക്രട്ടേറിയറ്റിന്റെ മുൻവശത്തുവെച്ച് സ്പേസ് സെന്ററിന്റെ വാഹനങ്ങളെ, അവയ്ക്ക് പൊലീസ് അകമ്പടിയുണ്ടായിട്ടും കല്ലെറിഞ്ഞു. തിരുവനന്തപുരം നഗരത്തിൽ പലേടത്തും റോഡ് ബ്ലോക്കുകളുണ്ടായിരുന്നു. കോട്ടയത്ത് മനോരമയുടെ എഡിറ്റർ ആക്രമിക്കപ്പെട്ടു. എറണാകുളത്ത് വെടിവെപ്പുണ്ടായി. നീലേശ്വരം, പയ്യന്നൂർ, തലശ്ശേരി, കോഴിക്കോട് മുതലായ സ്ഥലങ്ങളിൽ തീവണ്ടികൾ തടയപ്പെട്ടു. കേന്ദ്ര ഗവൺമെന്റ്സ്ഥാപനങ്ങൾക്കെതിരെ പ്രകടനവും ആക്രമണവും പലേടത്തും നടന്നു.

ബന്ദിന് കേരളസർക്കാർ അനുകൂലമായിരുന്നു എന്ന് പരസ്യമായിരുന്നു. നിയമസഭ അന്ന് സമ്മേളിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികൾ ധർണ നടത്തി. മന്ത്രിമാർ ഓഫീസുകളിൽ പോയില്ല. ജോലിക്കു ചെല്ലുന്നവരെ സംരക്ഷിക്കുവാൻ ഏർപ്പാട് ചെയ്യുമെന്ന് സ്റ്റേറ്റ് ഗവൺമെന്റിന്റെ പതിവുപ്രസ്താവനപോലും ഇത്തവണ ഉണ്ടായില്ല.

ഇത്തരമൊരു പശ്ചാത്തലത്തിൽ ഏതാനും കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കെതിരെ നടന്ന ആക്രമണങ്ങളെക്കുറിച്ചും ഈ ആക്രമണങ്ങൾ തടുക്കുന്നതിനുവേണ്ടി പൊലീസ് ഇടപെടാതിരുന്നതിനെക്കുറിച്ചും പല റിപ്പോർട്ടുകളും കിട്ടിയശേഷം ക്രമസമാധാനപാലനം സംബന്ധിച്ച നിർദേശങ്ങൾ മുഖ്യമന്ത്രിക്ക് ഗവർണർ സ്വമേധയാ നല്കിയതിൽ എന്താണ് തരക്കേട്? താൻ ഗവർണർസ്ഥാനം ഏറ്റെടുത്തപ്പോൾ ജനങ്ങളോട് ചെയ്ത പ്രതിജ്ഞ പാലിക്കുകമാത്രമല്ലേ ഗവർണർ ചെയ്തുള്ളൂ?

ഇനി, മുഖ്യമന്ത്രിയ്ക്ക് താൻ കൊടുത്ത നിർദേശത്തെപ്പറ്റി പത്രങ്ങളെ അറിയിച്ചതാണോ ഗവർണറുടെ തെറ്റ്? ഇത്തരം ഒരു സന്ദർഭത്തിൽ, താൻ എവിടെ നില്ക്കുന്നു എന്ന് ജനങ്ങളെ അറിയിക്കേണ്ട ചുമതല, ഖജനാവിൽനിന്ന് ശമ്പളം പറ്റുന്ന ഗവർണർക്ക് ഇല്ലേ? ആ ചുമതല ഗവർണർ നിറവേറ്റേണ്ടതല്ലേ?

മുഖ്യമന്ത്രിക്ക് താൻ നല്കിയ ഉപദേശം പത്രങ്ങളെ അറിയിച്ചത് ഗവർണർ സ്വവിവേകം ഉപയോഗിച്ചു ചെയ്ത ഒരു പ്രവൃത്തിയാണ്. ഇത്തരം പ്രവൃത്തികളെപ്പറ്റി ഭരണഘടനയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

''ഏതെങ്കിലും കാര്യം ഈ ഭരണഘടനയിലോ ഭരണഘടനപ്രകാരമോ ഗവർണർ സ്വവിവേകം ഉപയോഗിച്ച് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണോ അല്ലയോ എന്നതുസംബന്ധിച്ച ഒരു പ്രശ്നം ഉത്ഭവിച്ചാൽ, ഗവർണർ സ്വവിവേകം ഉപയോഗിച്ചു ചെയ്യുന്ന തീരുമാനം അന്തിമമായിരിക്കുന്നതും, ഗവർണർ ചെയ്യുന്ന എന്തിന്റെയെങ്കിലും സാധുത, അദ്ദേഹം സ്വവിവേകം ഉപയോഗിച്ച് ചെയ്യേണ്ടിയിരുന്നു എന്നോ ഇല്ലെന്നോ ഉള്ള കാരണത്തിന്മേൽ, ചോദ്യംചെയ്യപ്പെടുവാൻ പാടില്ലാത്തതുമാകുന്നു.'' (163.2)

യഥാർഥ വസ്തുതകൾ അറിയാനുള്ള ജനങ്ങളുടെ മൗലികാവകാശത്തെ മാനിക്കുകയാണ്, മുഖ്യമന്ത്രിക്ക് താൻ നല്കിയ ഉപദേശം പത്രങ്ങളെ അറിയിച്ചതിലൂടെ കേരള ഗവർണർ ചെയ്തത്. ഇതൊരു പുതിയ വഴക്കമാണെങ്കിൽ, അങ്ങനെ ഒരു പുതിയ വഴക്കം സൃഷ്ടിച്ചതിന് ഗവർണറെ നാം അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഗവർണർ ഇവിടെ പ്രഥമ പരിഗണന നല്കിയത് ജനങ്ങളുടെ താല്പര്യങ്ങൾക്കാണ്. അതാണുതാനും വേണ്ടത്.